**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2062** **12-02-2024 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങളുടെ നിർമ്മാണത്തിനുള്ള അനുവാദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കി പണിയുന്നതിനുമുള്ള അനുമതി നൽകിയിരുന്നത് ജില്ലാ കളക്ടർമാർ ആയിരുന്നുവോ; വിശദമാക്കാമോ; | (എ) | അതെ.<br><br>25.07.2005 ൽ പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.217/2005/ ആഭ്യന്തരം നമ്പർ ഉത്തരവിലെ 23-ം ഖണ്ഡികയിൽ ആരാധനാലയം നിർമ്മിക്കുന്നതിന് മുന്നോടിയായി ജില്ലാ ഭരണാധികാരിയുടെ മുൻകൂർ അനുമതി വേണമെന്ന് മാനുവലിൽ നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. |
| (ബി) | മേൽപ്പറഞ്ഞ അനുമതി ഗ്രാമപഞ്ചായത്തിനും നൽകാം എന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന്/ നവീകരിക്കുന്നതിന് ബന്ധപ്പെട്ട അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാമെന്ന് നിഷ്കർഷിച്ചുകൊണ്ട് 14.02.2021-ലെ സ.ഉ (അച്ചടി) നം.19/2021/ആഭ്യന്തരം പ്രകാരം 25.07.2005 ലെ ഉത്തരവിൽ ഭേദഗതി വരുത്തുകയുണ്ടായി. 14.02.2021-ലെ ടി ഉത്തരവ്, WP(C) No.11776/2021 കേസിൽ 07.07.2021-ലെ ഉത്തരവിലൂടെ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തു. ഈ കേസിൽ ഇതുവരെയും അന്തിമ വിധി വന്നിട്ടില്ല.<br><br>എന്നാൽ W.P(C) No.12767/2021 എന്ന റിട്ട് ഹർജിയിൽ 18.01.2022-ൽ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ, 14.02.2021 ലെ ഉത്തരവിന് അനുസൃതമായി മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതോടെ, ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുതുക്കി പണിയുന്നതിനുമുള്ള അനുമതി നൽകുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരം നൽകികൊണ്ടുള്ള മാർഗനിർദേശം അപ്രസക്തമായി എന്നു നിരീക്ഷിച്ചുകൊണ്ട് തദ്ദേശസ്ഥാപനങ്ങളോട് അനുമതി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>മേൽ ഉത്തരവ് കൂടി ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽപെടുത്തി, 07.07.2021-ലെ സ്റ്റേ ഉത്തരവ് നീക്കം ചെയ്യുവാനും അന്തിമ തീരുമാനം |

| | | | |
|---|---|---|---|
| | | | കൈകൊള്ളുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സാഹചര്യത്തിൽ എപ്രകാരമായിരിക്കണം അനുവാദം നൽകേണ്ടതെന്ന കൃത്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദീകരിക്കാമോ; | (സി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും പുതുതായി രൂപീകരിക്കാനോ നിലവിലുള്ളത് ഭേദഗതികൾ വരുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ